File No.FWLD-D2/264/2018-FWLD

**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4089     25.06.2018-ൽ മറുപടിയ്ക്ക്.

## നെയ്യാർ വൈൽഡ് ലൈഫ് പാർക്ക്

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) വനംവകുപ്പിന് കീഴിലുള്ള നെയ്യാർ വൈൽഡ് ലൈഫ് പാർക്കിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | (എ) നെയ്യാർ വൈൽഡ് ലൈഫ് പാർക്കിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ പുതിയ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (ബി) നെയ്യാർ സഫാരി പാർക്ക് തുടങ്ങിയ കാലത്ത് എത്ര സിംഹങ്ങൾ ഉണ്ടായിരുന്നു; ഇപ്പോൾ എത്ര സിംഹങ്ങൾ ഉണ്ട്; പുതിയതായി സിംഹങ്ങളെ പാർക്കിൽ കൊണ്ടു വരുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) നെയ്യാർ ലയൺ സഫാരി പാർക്ക് 1984-ൽ തുടങ്ങിയപ്പോൾ 4 സിംഹങ്ങൾ ഉണ്ടായിരുന്നു (3 പെൺ സിഹവും, 1 ആൺ സിംഹവും). ഇപ്പോൾ 2 പെൺ സിംഹങ്ങൾ മാത്രമാണുള്ളത്. പുതിയതായി 2 സിംഹങ്ങളെ പാർക്കിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ആവശ്യമായ അനുമതി സെൻട്രൽ സൂ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത പാർക്കിൽ ടൂറിസം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ